സംസ്ഥാന യുവജനനയം

213(2267) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാന യുവജന നയത്തിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) യുവജനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതിന്റെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സാമൂഹിക തിന്മകളായ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിനെതിരെയും, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസികാരോഗ്യം, അവയവദാനത്തിനുള്ള പ്രാധാന്യം എന്നീ വിഷയങ്ങളെ സംബന്ധിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും അവകാശങ്ങളെ കുറിച്ചും ക്ഷേമപരിപാടികളെക്കുറിച്ചും സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന യുവജന കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. യുവാക്കളുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് കമ്മീഷൻ നടത്തുന്ന അദാലത്തുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ അംഗീകരിക്കുന്നതിനും അതിലൂടെ അവരുടെ നേട്ടങ്ങൾ സംസ്ഥാനത്തെ യുവസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും യുവജനകമ്മീഷന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടേയും, സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും, വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള സർക്കാർ യുവജന നയം രൂപീകരിച്ചു. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, സാമൂഹികം, മൃഗസംരക്ഷണം, ആരോഗ്യം, കായികം, കലാ-സാംസ്കാരികം എന്നീ മേഖലകളിലാണ് പരിപാടികൾ നടപ്പിലാക്കിവരുന്നത്. കേരളോത്സവം, ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ, ജോബ് ഫേസ്സുകൾ, രക്തദാന പദ്ധതിജീവദായിനി, പി.എസ്.സി./ഓൺലൈൻ രജിസ്ട്രേഷൻ കോഴ്സുകൾ, ഐ.ബി.പി.എസ്. കോച്ചിംഗ്, കാർഷിക വികസന പദ്ധതികൾ, സാഹസിക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പരിശീലന പദ്ധതി, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, മാധ്യമശില്പശാലകൾ, വനിതാ ശില്പശാലകൾ, ചലച്ചിത്ര ശില്പശാലകൾ, ചിത്രരചനാ ക്യാമ്പുകൾ, നാടക ശില്പശാലകൾ, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വ്യവസായ സംരംഭകത്വ വികസന പരിപാടി

214(2268) ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

GPM. 2/243/2020-41

LIBRARY ARCHIVES Kerala Legislative Assembly